# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4364. 24-10-2016 - ൽ മറുപടിയ്ക്ക്

**ദേശീയ ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. ആർ. രാമചന്ദ്രൻ<br>" മുഹമ്മദ് മുഹസിൻ.പി: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്; ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമത്തിന്റെ പരിധിയിൽ വരുന്ന സാധനങ്ങളും, സേവനങ്ങളും വ്യക്തമായി പ്രസ്തുത ബില്ലിൽ പ്രതിപാദിക്കണമെന്നും, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും, ഫോറങ്ങളിലേയും പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ നിയമനം സംബന്ധിച്ച് നിലവിലെ നിയമന രീതി തുടരണമെന്നും, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും, ഫോറങ്ങളും ട്രിബ്യൂണൽ എന്ന് പുനർനാമകരണം ചെയ്യണമെന്നും, പ്രസ്തുത ഫോറങ്ങളിൽ നോട്ടീസ് നൽകുന്നതിന് പ്രോസസ് സർവ്വർമാരെ നിയമിക്കണമെന്നും, നോട്ടീസുകൾ ഇ-മെയിലായി അയയ്ക്കുന്നതിന് സംവിധാനം ഉണ്ടാക്കണമെന്നുമുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തീർപ്പാക്കാനുള്ള കേസുകൾ അധികമുള്ള ഫോറങ്ങളിൽ നിന്നും, കേസുകൾ കുറവുള്ള ഫോറങ്ങളിലേയ്ക്ക് മാറ്റി നൽകുന്നതിന് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് അധികാരം നൽകണമെന്നും, ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മെമ്പറായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതാ മാനദണ്ഡം നിയമ ബിരുദവും അഞ്ചു വർഷത്തെ കോടതി പ്രക്ടീസുമാക്കി നിശ്ചയിക്കണമെന്നും, കോടതിക്കു പുറത്ത് |

മീഡിയേഷൻ വഴി കേസുകൾ തീർപ്പു കൽപ്പിക്കുന്നതിന് സമയ പരിധി നിശ്ചയിച്ച് ആക്ടിൽ വ്യവസ്ഥ ചെയ്യണമെന്നുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**(ബി)** ഉപഭോക്തൃ സംരക്ഷണ ഭേദഗതി നിയമത്തിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**(ബി)** ബാധകമല്ല.

സെക്ഷൻ ഓഫീസർ